# കുടുംബശ്രീ ജില്ലാമിഷൻ  കോട്ടയം

## അരക്ഷിതാവസ്ഥ പഠനം

## ഇംപാക്ട് സ്റ്റഡി റിപ്പോർട്ട്

ആമുഖം

കുടുംബശ്രീ സംസ്ഥാനമിഷൻ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന സ്ത്രീപദവി സ്വയം പരിപാടിയിൽ 2016 17 വർഷം എല്ലാ ജില്ലകളിൽ നിന്നും 2 ഗ്രാമപഞ്ചായത്തുകളെ വീതം തെരഞ്ഞെടുത്ത് വൾനറബിലിറ്റി മാപ്പിംഗ് (അരക്ഷിതാവസ്ഥപഠനം) നടത്തുന്നതിന് നിർദേശം ലഭിച്ചിരുന്നു. കോട്ടയം ജില്ലയിൽ നിന്നും തിടനാട്, തൃക്കൊടിത്താനം എന്നീ പഞ്ചായത്തുകളെയാണ് മാപ്പിംഗിനായി തെരഞ്ഞെടുത്തത്. തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ്ഗ്രൂപ്പുകൾക്കും ഗ്രാമപഞ്ചായത്തു ഭരണസമിതി അംഗങ്ങൾക്കും  ജില്ലാതലത്തിലും സിഡിഎസ്സ് തലത്തിലും വിശദീകരണയോഗങ്ങൾ സംഘടിപ്പിച്ചു.  എഡിഎസ്സ് കാമ്പയിനുകൾ, വിവിധതലങ്ങളിലുള്ള വിവരശേഖരണം, വിഷയാധിഷ്ഠിത ചർച്ചകൾ, അയൽക്കൂട്ട യോഗങ്ങൾ, അയൽസഭായോഗങ്ങൾ, സ്ഥാപന സന്ദർശനവും വിശകലനവും, വിശേഷാൽ ഗ്രാമസഭകൾ  എന്നിവ 2 പഞ്ചായത്തുകളിലും നടന്നു. താഴെപ്പറയുന്ന നേട്ടങ്ങൾ മാപ്പിംഗിലൂടെ ആർജ്ജിക്കാൻ സാധിച്ചു.

- ഗ്രാമപഞ്ചായത്ത് പ്രദേശത്ത്  വിവിധതലങ്ങളിൽ അരക്ഷിതാവസ്ഥയിൽ കഴിയുന്ന ജനങ്ങളുടേയും പ്രത്യേകിച്ചും വനിതകളുടേയും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ അവസ്ഥകളുടേയും ജീവിതനിലവാരത്തിന്റെയും തോത് നേരിട്ട് മനസ്സിലാക്കുന്നതിന് സാധിച്ചു.

- ഗ്രാമപഞ്ചായത്തു ഭരണസമിതികളുടെ പൂർണമായ പിന്തുണയും സഹകരണവും മാപ്പിംഗിനു ഗുണകരമായ രീതിയിൽ ലഭ്യമാക്കാൻ സാധിച്ചു.

- കൂടാതെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളും സേവനങ്ങളും പദ്ധതികളും ലഭ്യമായത്  കുടുംബശ്രീ സംഘടനാസംവിധാനത്തിന്റ ലക്ഷ്യ സാധുകരണത്തിന് (വകുപ്പുകളുടെ സംയോജനം) സഹായിച്ചു.

- നിർജ്ജീവമായ അയൽസഭാ സംവിധാനത്തിന് ഉണർവ്വ് നല്കാൻ സഹായകമായി .

- പ്രശ്നങ്ങളെ തിരിച്ചറിയുന്നതിനും അവ പരിഹരിക്കുന്നതിനുമായി വിവിധങ്ങളായ പദ്ധതികൾ ഗ്രാമപഞ്ചായത്തു ഭരണസമിതിക്കു മുമ്പാകെ സമർപ്പിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞു.

***വൾണറബിലിറ്റി മാപ്പിംഗിന്റെ ഭാഗമായി സമർപ്പിച്ച പദ്ധതികളിൽ തിടനാട് ഗ്രാമപഞ്ചായത്തു പദ്ധതിയിൽ ഉൾക്കൊള്ളിച്ചവ***

- കമ്മ്യൂണിറ്റി കൗൺസലിംഗ് സെന്റർ (പഞ്ചായത്തു പദ്ധതിരേഖ ക്രമ നമ്പർ 136)
- കുടുംബശ്രീ പ്രവർത്തകർക്ക് സ്വയം തൊഴിൽ– പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് , തുണി–പേപ്പർക്യാരിബാഗ് നിർമ്മാണ യൂണിറ്റ് (പഞ്ചായത്തു പദ്ധതിരേഖ ക്രമ നമ്പർ 179)
- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (പഞ്ചായത്തു പദ്ധതിരേഖ ക്രമ നമ്പർ 11)
- കാഴ്ച്ച ശക്തിയില്ലാത്തവർക്ക് ടോക്കിംഗ് സൗകര്യത്തോടുകൂടിയുള്ള ലാപ്പ് ടോപ്പ്(പഞ്ചായത്തു പദ്ധതിരേഖ ക്രമ നമ്പർ 39)
- ഓ എൽ എച്ച് കോളനിയിൽ പൊതുകിണർ സംരക്ഷണ വല (പദ്ധതിരേഖ ക്രമ നമ്പർ 93)
- പകൽ വീടിന് അനുബന്ധ സാധനങ്ങൾ (പഞ്ചായത്തു പദ്ധതിരേഖ ക്രമ നമ്പർ 182)
- മാപ്പിംഗിന്റെ ഭാഗമായി കണ്ടെത്തിയ ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ മുഴുവനും പദ്ധതിരേഖയിൽ ഉൾപ്പെടുത്തി പദ്ധതി അംഗീകാരം ലഭിച്ചു.
- യുവജനങ്ങൾക്ക് കരിയർ ഗൈഡൻസും ലൈബ്രറി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തലും (പഞ്ചായത്തു പദ്ധതിരേഖ ക്രമ നമ്പർ 178)
- കാർഷികമഖലയിൽ ഒരു വീട്ടിൽ ഇരുവാഴ പദ്ധതി
- മുട്ടക്കോഴി വളർത്തൽ
- കുടുംബശ്രീ അംഗങ്ങൾക്ക് കാന്റീൻ

**മേൽപ്പറഞ്ഞ പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് 201718 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

- കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസലിംഗ് സെന്റർ ( 5 ലക്ഷം രൂപ)പണി പൂർത്തീകരിച്ചു.

- പ്ലാസ്റ്റിക്ക് ഷ്രഡ്ഡിംഗ് യൂണിററ് അരംഭിക്കുന്നതിന് മുന്നോടിയായി പേപ്പർ ക്യാരി ബാഗ് , തുണി സഞ്ചി നിർമ്മാണ യൂണിറ്റ് ( ഒരു വീട്ടില ഒരു തുണി സഞ്ചി ) 2 ലക്ഷം രൂപ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.

- മുട്ടക്കോഴി വളർത്തൽ പദ്ധതി കോഴിയും കൂടും നല്കി 2.5 ലക്ഷം രൂപ

- ബാലസഭാ കുട്ടികൾക്കുള്ള പദ്ധതി 35000 രൂപ

- ഒരു വീട്ടിൽ ഇരുവാഴ പദ്ധതി ( ടിഷ്യു കൾച്ചർ വാഴ) 2000 കുടുംബങ്ങൾക്ക് നല്കി . 2.5 ലക്ഷം

- കുടുംബശ്രീ സി ഇ എഫ് ഫണ്ട് ഉപയോഗിച്ച് കുടുംബശ്രീ കാന്റീൻ ആരംഭിച്ചു.

- മറ്റു പദ്ധതികളുടെ നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്നു.

## തൃക്കൊടിത്താനം പഞ്ചായത്ത് പ്ലാനിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

1. മുട്ടക്കോഴി വളർത്തൽ
2. കുട്ടികളുടെ പാർക്കിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ
3. യോഗ പരിശീലനം
4. തുണിസഞ്ചി നിർമ്മാണം
5. ജീവിതശൈലീ രോഗനിർണ്ണയം
6. കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറികൃഷി
7. മാലിന്യ സംസ്ക്കരണ പ്ലാസ്റ്റിക്ക് ഷെർഡിംഗ് യൂണിറ്റ്
8. അംഗപരിമിതർക്ക് പെട്ടിക്കട
9. ബാലസഭ നാടിനെ അറിയാൻ
10. വനിതാ സ്വയം തൊഴിൽ
11. തുടർവിദ്യാഭ്യാസ സാക്ഷരതാ പരിപാടി – കുടുംബശ്രീ ഭാരവാഹികൾക്ക്
12. വൃദ്ധർ, അംഗപരിമിതർ സർവ്വേ.
    മേൽ സൂചിപ്പിച്ച പദ്ധതികളിൽ

## ജില്ലാ പഞ്ചായത്ത് കൺവേർജൻസ് പ്ലാൻ

## വൾണറബിലിറ്റി

1. കുട്ടികളുടെ പാർക്കിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ
2. കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറികൃഷി
   മേൽ സൂചിപ്പിച്ച പദ്ധതികളിൽ നടപ്പിലാക്കിയ പദ്ധതികൾ

- മുട്ടക്കോഴി വിതരണ പദ്ധതി നടപ്പിലാക്കി

- കുട്ടികളുടെ പാർക്കിംഗിൽ  അടിസ്ഥാസൗകര്യം വർദ്ധിപ്പിക്കൽ 15 ലക്ഷം രൂപ  പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. നീന്തൽ പരിശീലനത്തിന് മാസ്റ്റർ പരിശീലകരുടെ തെരഞ്ഞെടുപ്പ് നടത്തി പരിശീലനത്തിന് ലിസ്റ്റ് നല്കി.

- മറ്റു പദ്ധതികളുടെ  നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്നു.

കേസ് സ്റ്റഡി തിടനാട്

തിടനാട് ഗ്രാമപഞ്ചായത്തിലെ 12 വാർഡിലെ ലയ അയൽക്കൂട്ടത്തിലെ സംഗീത ഗ്രാമപഞ്ചായത്ത് ആരംഭിയ്ക്കുന്ന പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് തുടങ്ങുന്നതിന് മുന്നോടിയായി ഗ്രീൻ ബാഗ് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. പേപ്പർ ക്യാരി ബാഗ്, തുണി സഞ്ചി, ബിഗ് ഷോപ്പർ, ഹോസ്പിറ്റൽ ഫയൽ, കുടുംബശ്രീ പരിപാടികൾക്കുവേണ്ടിയുള്ള ക്യാരി ബാഗുകൾ എന്നിവ നിർമ്മിച്ചു നല്കി. 1 ലക്ഷം രൂപ മുടക്കുമുതലിൽ ആരംഭിച്ച സംരംഭം വിപുലപ്പെടുത്തുന്നതിനുള്ള ശ്രമത്തിലാണ്. സംഗീത. ഗ്രാമപഞ്ചായത്ത് 3.5 ലക്ഷം രൂപ മുടക്കി ഒരു വീട്ടിൽ ഒരു തുണി സഞ്ചി പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുണി സഞ്ചി നിർമ്മാണം ഗ്രീൻ ബാഗ് യൂണിറ്റാണ് ചെയ്യുന്നത്. ഹോസ്പിറ്റൽ ഫയലുകളുടെ ഓർഡർ ലഭിച്ചതിലൂടെ മറ്റു 2 പേർക്കു കൂടി സ്ഥിരതൊഴിൽ കൊടുക്കാൻ സംഗീതയ്ക്ക് സാധിച്ചു.





